## തിരുവനന്തപുരം ജില്ലാകളക്ടറുടെ നടപടിക്രമം

## (ഹാജർ ജെറോമിക് ജോർജ് ഐ.എ.എസ്)

കെ6-340934/2021 തീയതി- 14/11/2022

വിഷയം:- പൊന്നുംവില നടപടി- മേനംകുളം വില്ലേജ്- റ്റി.എസ് കനാലിനു കുറുകെ സെന്റ് ആൻഡ്രൂസ് പാലത്തിന്റെ പുനർനിർമ്മാണത്തിനും അനുബന്ധ റോഡിനായും ഭൂമി പൊന്നുംവിലയ്ക്ക് ഏറ്റെടുക്കൽ - RFCTLARR Act 2013 സെക്ഷൻ 8 പ്രകാരം സമുചിത സർക്കാർ ഉത്തരവാകുന്നത് -സംബന്ധിച്ച്.

പരാമർശം:- 1)30/03/2022 ലെ കെ6-340934/2021 നമ്പർ 4(1) വിജ്ഞാപനം [30/03/2022 ലെ 1053( വാല്യം 11) നമ്പർ അസാധാരണ ഗസറ്റ്]

2)വിദഗ്ധ സമിതിയുടെ 07/11/2022 തീയതിയിലെ വിലയിരുത്തൽ റിപ്പോർട്ടും ശിപാർശയും

3)29/06/2016-ാം തീയതിയിലെ ജി.ഒ.(പി).376/2016/ആർഡി നമ്പർ സർക്കാർ ഉത്തരവ്.

---

മേനംകുളം വില്ലേജിൽ റ്റി.എസ് കനാലിനു കുറുകെ സെന്റ് ആൻഡ്രൂസ് പാലത്തിന്റെ പുനർനിർമ്മാണത്തിനും അനുബന്ധ റോഡിനായും ഭൂമി ഏറ്റെടുക്കുന്നതിനായി എക്സിക്യൂട്ടിവ് എഞ്ചിനീയർ,ഉൾനാടൻ ജലഗതാഗത ഡിവിഷൻ,കൊല്ലം അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സാമുഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് പ്ലാനറ്റ് കേരള,തിരുവനന്തപുരം നെ പരാമർശം 1 പ്രകാരം നിയോഗിച്ചിരുന്നു. പ്രസ്തുത ഏജൻസി സമർപ്പിച്ച The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 അധ്യായം 2 എ പ്രകാരമുള്ള സാമൂഹിക ആഘാതപഠന റിപ്പോർട്ട് ടി നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം വിദഗ്ധ സമിതി വിലയിരുത്തി പരാമർശം 2 പ്രകാരം വിലയിരുത്തൽ റിപ്പോർട്ടും ശിപാർശയും സമർപ്പിച്ചിട്ടുള്ളതും ആയത് 7 (6) വകുപ്പ് അനുശാസിക്കും വിധം പ്രസിദ്ധികരിച്ചിട്ടുള്ളതുമാണ്. 200 ആർ വരെയുള്ള ഏറ്റെടുക്കൽ നടപടികളിൽ സമുചിത സർക്കാർ ആയി ജില്ലാകളക്ടറെ പരാമർശം (3) പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമൂഹിക ആഘാതറിപ്പോർട്ടും വിദഗ്ധ സമിതിയുടെ വിലയിരുത്തലും ടി നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം വിശദമായി പരിശോധിച്ചതിൽ നിർദ്ദിഷ്ട പദ്ധതി

യുക്തവും വിശ്വാസയോഗ്യവുമായ ഒരു പൊതു ആവശ്യം ഉണ്ടെന്നും അതാണ് നിർണ്ണയിക്കപ്പെട്ട ഭൂമിയുടെ ഏറ്റെടുക്കൽ നടപടി ആവശ്യമാക്കിത്തീർത്തതെന്നും ആയതിന്റെ നേട്ടങ്ങളും ആവശ്യകതയും സാമൂഹിക അസൗകര്യങ്ങളെയും ആഘാതങ്ങളെയും അപേക്ഷിച്ചു വളരെ കൂടുതലാണെന്നും ബോദ്ധ്യമായിരിക്കുന്നു.

പ്രസ്തുത ഭൂമി പദ്ധതിക്ക് അനുയോജ്യമായതിനാലും മറ്റ് ബദൽ മാർഗ്ഗങ്ങൾ പ്രയോഗികമല്ലാത്തിനാലും ഈ പദ്ധതി പൊതുജനങ്ങൾക്ക് അത്യന്താപേക്ഷിതമാതമായതിനാലും അർത്ഥന പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന ഏകദേശം 13.203 സെന്റ് ഭൂമി പദ്ധതിയ്ക്കാവശ്യമായ ചുരുങ്ങിയ വിസ്തീർണ്ണം മാത്രമാണെന്നതിനാലും ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ടി ഭൂമി ഏറ്റെടുക്കുന്നതിനായി 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം അനുസരിച്ചുള്ള തുടർ നടപടികൾക്ക് അനുവാദം നൽകി വകുപ്പ് 8 പ്രകാരം ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-

**ജില്ലാകളക്ടർ**

പകർപ്പ്

(1) അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യു വകുപ്പ്(ആമുഖ കത്ത് സഹിതം)
(2)എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗത ഡിവിഷൻ,കൊല്ലം
(3) സ്പെഷ്യൽ തഹസിൽദാർ, എൽ.എ (അന്താരാഷ്ട്ര വിമാനത്താവളം) സിവിൽസ്റ്റേഷൻ തിരുവനന്തപുരം (നിയമം/ചട്ടം അനുശാസിക്കുന്ന സ്ഥലങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.)
(4) എൻ.ഐ.സി ആഫീസർക്ക് - സർക്കാർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്
(5) കരുതൽ പകർപ്പ്

അംഗീകാരത്തോടെ

ഡെപ്യൂട്ടി കളക്ടർ (എൽ.എ)